(സി) പ്രസ്തുത ജില്ലയിൽ വർഷങ്ങളായി ഡിസംബർ 6-ന് അക്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം കേസ്സുകളിൽ പ്രതികൾക്കെതിരെ എടുത്ത നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

തിരുവല്ല-പെരുംതുരുത്തിയിലുണ്ടായ വാഹനാപകടം

32 (1773) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5-8-2010 ഉച്ചയ്ക്ക് ഏകദേശം 3.30-ന് തിരുവല്ല-ചങ്ങനാശ്ശേരി റോഡിൽ പെരുംതുരുത്തിയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മൂന്ന് പത്തളം സ്വദേശികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് പോലീസ് തയ്യാറാക്കിയ എഫ്.ഐ.ആർ.-ന്റെയും കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസ് ഡയറിയുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത എഫ്.ഐ.ആർ.-ലും കേസ് ഷീറ്റിലും വ്യാപകമായി കൃത്രിമങ്ങൾ നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കേസ്സിലെ സാക്ഷികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മരണപ്പെട്ടവരുടെ വാഹനത്തോടൊപ്പം വന്ന വാഹനങ്ങളിലെ ദൃക്സാക്ഷികളെ ഒഴിവാക്കി സംഭവസ്ഥലത്തില്ലാത്ത ആളിനെ സാക്ഷിയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) എന്തുകൊണ്ടാണ് ഇവരുടെ കൂട്ടത്തിൽ ദൃക്സാക്ഷിയായിരുന്ന ആരെയും സാക്ഷിയാക്കാതിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) മരണപ്പെട്ടവരിൽ രണ്ടു പേരുടെ മൂന്ന് പിഞ്ചുകുട്ടികൾക്ക് യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതിരിക്കുന്നതിനായി യഥാർത്ഥ വസ്തുതകൾ മറച്ചുവച്ചത് തിരുത്തുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ജി) വലിയ വാഹനം വന്ന് ചെറിയ വാഹനത്തെ ഇടിച്ചിട്ടും തെറ്റ് മുഴുവൻ ചെറിയ വാഹനക്കാരുടേതാക്കാനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ ആയത് തിരുത്തുവാൻ എന്തു നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഈ കേസ് സംബന്ധിച്ച് ഡിവൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് വിശദമായ പുനരന്വേഷണം നടത്തിക്കുകയും കേസ് വഴിതിരിച്ച് വിടുവാൻ ശ്രമിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഐ) ഇത്തരത്തിൽ വാഹനാപകടങ്ങളിൽ കൃത്രിമത്വം കാണിക്കുന്നത് കണ്ടുപിടിക്കുവാൻ എന്തു നടപടി ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഐ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly